# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1180** **06.02.2020 ൽ മറുപടിക്ക്**

### കാട്ടാക്കട മണ്ഡലത്തിലെ സ്കൂളുകളുടെ കെട്ടിട നിർമ്മാണം

| ചോദ്യം<br>ശ്രീ.ഐ.ബി. സതീഷ് | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) കാട്ടാക്കട മണ്ഡലത്തിലെ കണ്ടള എച്ച്.എസ്, കുളത്തുമ്മൽ എച്ച്.എസ്.എസ്, എന്നീ സ്കൂളുകളുടെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലായെന്ന് വിശദമാക്കാമോ; | (എ) കാട്ടാക്കട നിയോജകമണ്ഡലത്തിലെ കുളത്തുമ്മൽ എച്ച്.എസ്.എസ്-ന്റെ സ്ട്രക്ച്ചറൽ ഡിസൈൻ പൊതുമരാമത്ത് വകുപ്പിന്റെ ഡിസൈൻ വിഭാഗത്തിൽ തയ്യാറാക്കി വരുന്നു. കണ്ടള എച്ച്.എസിന്റെ സ്ട്രക്ച്ചറൽ ഡിസൈന്റെ അഡ്വാൻസ് കോപ്പി 04/02/2020 ന് സെക്ഷൻ ഓഫീസിൽ ഇ-മെയിൽ വഴി ലഭിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത കെട്ടിടങ്ങൾക്കായുള്ള സ്ട്രക്ച്ചറൽ ഡിസൈൻ ലഭ്യമാക്കുന്നതിനും സാങ്കേതിക അനുമതി ലഭ്യമാക്കുന്നതിനുമുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ; | (ബി) കാട്ടാക്കട മണ്ഡലത്തിലെ കണ്ടള എച്ച്.എസ് ന്റെ നിർമ്മാണ പ്രവൃത്തിയുടെ സാങ്കേതികാനുമതിക്കുള്ള സ്ട്രക്ച്ചറൽ ഡ്രോയിംഗ് തയ്യാറായിട്ടുണ്ട്.<br>കാട്ടാക്കട മണ്ഡലത്തിലെ കുളത്തുമ്മൽ എച്ച്.എസ്.എസിന്റെ സ്ട്രക്ച്ചറൽ ഡിസൈൻ മുൻഗണനാക്രമത്തിൽ ചെയ്തു കൊണ്ടിരിക്കുന്നു. 2020 മാർച്ച് അവസാനത്തോടെ ഈ പ്രവൃത്തിയുടെ സാങ്കേതികാനുമതിക്കായുള്ള സ്ട്രക്ച്ചറൽ ഡ്രോയിംഗ് തയ്യാറാക്കി നൽകാൻ കഴിയുന്നതാണ്. മുകളിൽ പറഞ്ഞ രണ്ടു പ്രവൃത്തികൾക്കും കാലതാമസം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് എന്നത്തേയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ | (സി) സ്ട്രക്ച്ചറൽ ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ നടപടികൾ |

| | |
|---|---|
| ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ? | പൂർത്തിയാക്കിയാൽ മാത്രമേ പ്രവൃത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ മൂന്നുമാസത്തിനകം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

**സെക്ഷൻ ഓഫീസർ**